**04.10.2023**

# KGBEU OU ബുള്ളറ്റിൻ 129/2023

സഖാക്കളെ,

## വിഷയം: Biometric attendance

ബാങ്ക് മാനേജ്മെൻറ് ഫിനാക്കിൾ വഴി ബയോമെട്രിക് അറ്റൻഡൻസ് നടപ്പിലാക്കാനുള്ള ശ്രമത്തിലാണ്. 10 മണി കഴിഞ്ഞ് ലോഗിൻ ചെയ്യാൻ ശ്രമിക്കുന്നവർക്ക് ഭാവിയിൽ അതിനു സാധിക്കാത്ത തരത്തിൽ ആണ് ക്രമീകരണം ആലോചിക്കുന്നത്. ജീവനക്കാരെ തെല്ലും വിശ്വാസത്തിലെടുക്കാതെയാണ് നിലവിലുള്ള മാനേജ്മെൻറ് മുന്നോട്ടു പോകുന്നത്. പലവിധ കാരണങ്ങളാൽ 100% ജീവനക്കാർക്കും 10 മണിക്ക് ലോഗിൻ ചെയ്യാൻ കഴിയണമെന്നില്ല. അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ നിന്നും അനുവാദം വാങ്ങി ലോഗിൻ ചെയ്യാൻ കഴിയുമെന്ന് വാദമുണ്ടെങ്കിലും അതിലേക്ക് ജീവനക്കാർ നിർബന്ധിക്കപ്പെടുന്നത് ജീവനക്കാരുടെ ആത്മവിശ്വാസം തകരാനും പ്രൊഡക്ടിവിറ്റി കുറയാനും ഇടയാക്കും. മാനേജ്മെൻറ് പുത്തൻ ഭരണപരിഷ്കാരങ്ങൾ നടപ്പിലാക്കുന്നത് ജീവനക്കാരുടെ അംഗീകൃത സംഘടനകളുമായി ഒരു തരത്തിലുള്ള കൂടിയാലോചനയും നടത്താതെയാണ്. ഈയൊരു തീരുമാനവുമായി മുന്നോട്ട് പോകാനാണ് മാനേജ്മെന്റ് ഭാവമെങ്കിൽ 10 മണി മുതൽ 5 മണി വരെ മാത്രം ജോലി ചെയ്താൽ മതിയെന്ന് ജീവനക്കാരും തീരുമാനിക്കും. ഈ വിഷയത്തിൽ മാനേജ്മെന്റിനോട് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ട്. ഏകപക്ഷീയമായ ഇത്തരം തീരുമാനങ്ങൾക്കെതിരെ ശക്തമായ പ്രക്ഷോഭം നടത്തേണ്ടി വരുമെന്ന സൂചനയും കൊടുത്തിട്ടുണ്ട്. വിശദ വിവരങ്ങൾ വഴിയെ അറിയിക്കും.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)